# ഇവരെ പരിചയപ്പെടുക ഇവരുടെ പ്രാർത്ഥനകളും

## കെ. ജോൺ മാത്യൂസ് തുമ്പമൺ

### ഒന്ന്. കായിന്റെ പ്രാർത്ഥന

അനേകം പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന പഴയനിയമ പുസ്തകത്തിലെ പ്രഥമപ്രാർത്ഥനയാണ് കായീന്റെ പ്രാർത്ഥന.

ആദാമിന്റെ പുത്രന്മാരായ ഹാബേലും കായീനും രണ്ടു വ്യത്യസ്തമേഖലകളിൽ വ്യാപൃതരാകുന്നു– കായീൻ കാർഷികവൃത്തിയിലും ഹാബേൽ അജപാലനത്തിലും. ഇരുവരും ദൈവത്തിനു വഴിപാടുനൽകുന്നു. പൂർണ്ണമനസ്സോടെ ഹാബേൽ യഹോവയ്ക്കു് നല്കുന്ന വഴിപാട് ദൈവം സ്വീകരിക്കുന്നു. തന്റെ വഴിപാട് സ്വീകരിക്കാഞ്ഞതിനാൽ ഹൃദയത്തിൽ വൈരാഗ്യംമുററിയ കായീൻ ചതിവിൽ ഹാബേലിനെ നിഗ്രഹിക്കുന്നു. ഇതാണ് ആദ്യത്തെ കൊലപാതക നാടകത്തിന്റെ ഇതിവൃത്തം.

സ്വന്തം സഹോദരന്റെ വഴിപാട് ദൈവം സ്വീകരിച്ചതിലുള്ള അസൂയയെക്കാളുപരി തന്നിലോ തന്റെ വഴിപാടിലോ സ്രഷ്ടാവ് പ്രസാദിക്കാതിരിക്കുന്നതിലുള്ള അമർഷമാണ് തന്റെ സഹോദരനെ വകവരുത്തുവാൻ കായീനെ പ്രേരിപ്പിച്ച പശ്ചാത്തലം.

'നിന്റെ സഹോദരനായ ഹാബേൽ എവിടെ' എന്ന ചോദ്യത്തിനു 'ഞാനോ അവന്റെ കാവൽക്കാരൻ' എന്ന മറുപടി തികച്ചും ധിക്കാരപൂർണ്ണമായിരുന്നു. മനുഷ്യന്റെ സ്വാർത്ഥതയുടെ പാരമ്യത വെളിപ്പെടുത്തുന്ന ഉത്തരത്തിൽകൂടെ മനുഷ്യനും ദൈവവുമായുള്ള വ്യക്തിബന്ധത്തിനും ശൈഥില്യം സംഭവിക്കുന്നു. സ്നേഹത്തിലും പരസ്പരവിശ്വാസത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കേണ്ട മനുഷ്യൻ നിസ്സാരമായ ചില കാരണങ്ങളാൽ അവയെല്ലാം കാററിൽപറത്തി അതിനികൃഷ്ടമായ ഒരു പ്രവൃത്തിയുടെ ഉടമയാകുന്നു.

നിരപരാധിയായ ഹാബേലിന്റെ രക്തം പ്രതികാരത്തിന്നായി ജീവദായകനോട് നിലവിളിച്ചതിന്റെ ഫലമായി സ്രഷ്ടാവ് കായീനെ ചോദ്യം ചെയ്യുന്നു. 'എവിടെ നിന്റെ സഹോദരൻ!' എന്ന ചോദ്യത്തിന്റെ മുമ്പിൽ അവൻ പതറുന്നു. സത്യം പറയാ 'നാവാതെ അവൻ പരുങ്ങുന്നു' ഞാനോ അവന്റെ കാവല്ക്കാരൻ' എന്നു പറഞ്ഞു് രക്ഷപെടാമെന്നു് അവൻ കരുതി.

സത്യസ്ഥിതി മനസ്സിലാക്കിയ ദൈവം കായീനെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹത്തിന്റെ ആഴത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. ആ ബന്ധത്തെ വിസ്മരിച്ച് കൊലപാതകംചെയ്ത കായീനെ ശപിക്കുന്നു. കർഷകസ്ഥാനത്തുനിന്നും നീക്കുന്നു. ദേശംവിട്ടുപോകാൻ അനുശാസിക്കുന്നു. ശാപഗ്രസ്ഥനായ കായീൻ അപ്പോഴാണ് താൻ ചെയ്ത കുററകൃത്യത്തിന്റെ ഭീകരതയെക്കുറിച്ചും അതിനു് ലഭിക്കാൻപോകുന്ന ശിക്ഷയുടെ ഭവിഷ്യത്തിനെക്കുറിച്ചും ബോധവാനാകുന്നതു്. പശ്ചാത്താപവിവശനായി, ദുഃഖസ്മൃതിയോടെ, ഭയാക്രാന്തനായി യഹോവയോടു നടത്തുന്ന യാചനയാണ് വി: വേദപുസ്തകത്തിലെ ആദ്യത്തെ പ്രാർത്ഥന.

'യഹോവേ' ക്ഷമിക്കണം, എന്റെ കുററംപൊറുപ്പാൻ കഴിയുന്നതിലും അധികം എന്നു കരുതുന്നു. എന്റെ സഹോദരന്റെ കാവല്ക്കാരനായിരിക്കേണ്ട ഞാൻ അവന്റെ ജീവനപഹരിച്ചതു് ഏററവും വലിയ നീചപ്രവൃത്തിയായി ഞാൻ എണ്ണുന്നു. നീ എന്റെ കാഴ്ചവസ്തു സ്വീകരിക്കാതെ വന്നപ്പോഴുണ്ടായ അമർഷം വൈരാഗ്യമായി വളർന്നതിന്റെ ഫലമായിചെയ്ത ക്രൂരപ്രവൃത്തിയാണ് ഈ കൊലപാതകം. തത്ഫലമായി നീ എനിക്കു് കഠിനശിക്ഷ നൽകിയല്ലോ. എന്നെ ഈ ദേശത്തുനിന്നും നീ ആട്ടിപ്പായിക്കുന്നു. ഞാൻ തിരുസന്നിധിവിട്ടു് ഭൂമിയിൽ അലഞ്ഞുതിരിഞ്ഞവനാകും. എന്നെ ആരെങ്കിലും കണ്ടാൽ കൊല്ലും നിശ്ചയം. എന്നെ വേട്ടയാടുന്ന എല്ലാവരുടെയും കയ്യിൽനിന്നു് എന്നെ രക്ഷിച്ചുവിടുവിക്കേണമെ. അവർ എന്നെ സിംഹംപോലെ കീറിക്കളയരുതേ. വിടുവിപ്പാൻ ആരും ഇല്ലാതെ ഇരിക്കുമ്പോൾ എന്നെ ചീന്തിക്കളയരുതേ. മററുള്ളവരുടെ കയ്യാൽ ഞാൻ മരിപ്പാൻ ഇടവരരുതേ.'

കേണപേക്ഷിച്ച ഈ പ്രാർത്ഥനയ്ക്കു ഫലമുണ്ടായി. അവനെ കൊല്ലാതിരിക്കേണ്ടതിനു് ഒരു അടയാളവും കൊന്നാൽ കൊലപാതകിക്കു് ഏഴിരട്ടി പകരംകിട്ടും എന്ന പ്രഖ്യാപനവുമുണ്ടായി.

കായീൻ യഹോവയുടെ സന്നിധിയിൽനിന്നു് പുറപ്പെട്ടു് ഏദൻതോട്ടത്തിന്റെ കിഴക്കു് നോദെന്ന നാട്ടിൽ താമസിച്ചു. അവിടെ അവൻ തന്റെ പുത്രൻ ഹാനോവിന്റെ പേരിൽ ഒരു പട്ടണം പണിതു.

(ഉല്പത്തി 4-ാം അദ്ധ്യായം)

## പ്രാർത്ഥനാവലയം

2–ാം പേജിൽനിന്നും തുടർച്ച

4 HPG. 31 Mrs. K. T. പെരുന്നാട്

ഭർത്താവിന്റെ മാനസാന്തരം, കുടുംബസമാധാനം, കുട്ടിയുടെ സംരക്ഷണം.

5 HPG. 32 Mrs. A Chennithala

നടത്തുന്ന ശുശ്രൂഷകൾ ഭംഗിയായി തുടരുവാനുള്ള ആരോഗ്യം.

പ്രാർത്ഥനാ വിഷയങ്ങൾ എഴുതിയ കത്തുകൾ അയക്കേണ്ട മേൽവിലാസം:

ടൈററിലിൽ ശ്രദ്ധിക്കുക.

എല്ലാ ദിവസവും രാവിലെ 8 മണിക്കു് നടത്തുന്ന വി. കുർബാനയിൽ നിങ്ങളുടെ പേരുകൾ ഓർക്കപ്പെടുന്നതാണ്. രാവിലെ 6 മണിക്കും, രാത്രി 9 മണി മണിക്കും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി മുട്ടുകുത്തുമ്പോൾ, പരസ്പരം നമ്മുടെ ഭാരങ്ങൾ ദൈവമുൻപാകെ സ്തോത്രത്തോടെ അറിയിച്ച് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം അനുഭവിക്കാം (ഫിലി 4:6). ഇട ദിവസത്തെ രഹസ്യ പ്രാർത്ഥനകൾക്കുശേഷം ഞായറാഴ്ചത്തെ നിങ്ങളുടെ ഇടവകപള്ളികളിലെ ആരാധനാസമയം, നമ്മുടെ പ്രാർത്ഥനകൾക്കു് മറുപടി തരുന്ന ദൈവശബ്ദം ശ്രദ്ധിക്കാൻ ഒരുങ്ങാം.

## വി. കെ. മാത്യൂസ്

(4-ാംപേജിൽനിന്നും തുടർച്ച)

സന്ദർഭംകൂടിയായിരുന്നു ആ യാത്രകൾ.

മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധം സഭയുടെ വളർച്ച ഈ കാലഘട്ടങ്ങളിലാണുണ്ടായിക്കൊണ്ടിരിക്കുന്നതും,

അന്താരാഷ്ട്രതലത്തിലുള്ള സഭയുടെ ഖ്യാതിയും അദ്ദേഹത്തിന്റെ കാലഘട്ടത്തിന്റെ ഒരു ഭാഗ്യംതന്നെ.

## സുവിശേഷ പരിശീലന കോഴ്സ് പ്രവേശനം

മാവേലിക്കര: സഭയുടെ മിഷൻ പരിശീലനകേന്ദ്രമായ മാവേലിക്കര സെൻറ്പോൾസിലെ ത്രിവത്സര സുവിശേഷപരിശീലനകോഴ്സിലേക്കുള്ളപ്രവേശനം ജൂണിൽ നടക്കും.

സുവിശേഷകരായി കേരളത്തിനകത്തും പുറത്തും സേവനംചെയ്യാൻ താല്പര്യമുള്ള യുവാക്കൾക്കാണ് ഇവിടെ പരിശീലനം നൽകുന്നതു്. ഏററംകുറഞ്ഞ യോഗ്യത എസ്. എസ്. എൽ. സി. ആണ്.

അപേക്ഷകൾ 1989 മെയ് 31–നു് മുമ്പ് നിശ്ചിത അപേക്ഷാഫാറത്തിൽ സെൻറ് പോൾസ് മിഷൻ സെൻറർ, മാവേലിക്കര-690 103 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

## പാമ്പാടി തിരുമേനി: ഒരു അസാധാരണ വ്യക്തിത്വം

### ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ്

കഴിഞ്ഞ തലമുറയിലെ തിരുമേനിമാരിൽ എന്നെ വളരെ ആകർഷിച്ചിട്ടുള്ള ഒരു വ്യക്തിത്വമാണ് പാമ്പാടി തിരുമേനി.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ മർമ്മം മനസ്സിലാക്കിയിട്ടുള്ള പിതാവ് എന്ന നിലയിലാണ് തിരുമേനി എന്നെ ആകർഷിച്ചിട്ടുള്ളതു്. ഏല്പിക്കപ്പെട്ടിട്ടുള്ള ആടുകൾക്കുവേണ്ടി കണ്ണുനീരൊഴുക്കി അദ്ദേഹം എന്നും പ്രാർത്ഥിക്കുമായിരുന്നു.

തന്റെ പാണ്ഡിത്യത്തേക്കാളുപരി ഈ പ്രാർത്ഥനയിലൂടെ പ്രശ്നങ്ങൾക്കു പരിഹാരം തേടിയിരുന്ന പാമ്പാടി തിരുമേനിയുടെ പക്കൽ വരുന്ന പള്ളിപ്രശ്നക്കാർ പ്രശ്നങ്ങൾക്കു് ശാശ്വത പരിഹാരം നേടി തിരികെ മടങ്ങുമായിരുന്നു.

ഒരു യാചകനെപ്പോലും വേണ്ടവിധത്തിൽ ഉപചരിച്ചു സ്വീകരിക്കുവാൻപോന്ന ഹൃദയനൈർമല്യമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്.

ആരാധനയിലും രഹസ്യ പ്രാർത്ഥനയിലും ദൈവവുമായി സംസർഗ്ഗംചെയ്തിരുന്ന ആ തിരുമുമ്പിൽ നിൽക്കുകതന്നെ ഒരു ആത്മീയ അനുഭവമായിരുന്നു.


# Travancore Timbers & Products

**Post Box. No. 6, Kottayam, Kerala**

***Manufacturers & Exporters Of***

**Quality Decorative & Non-decorative Plywood, Block boards & Flushdoors**
**With extensive Sales net work throughout India**

Phones
Office 3628, 3629, 2387
(PBX with & extns)
Res. 2003

Grams
'TIMBEROD'
Telex 0888-226 TTP IN

